ജലനിധി :

ജലനിധിയുടെ രണ്ടാംഘട്ടത്തിൽ ബാച്ച്-1-ൽ ഉൾപ്പെട്ടത്തി എലവള്ളി ഗ്രാമപഞ്ചായത്തിൽ ഒരു ബൃഹത് കുടിവെള്ള പദ്ധതിക്ക് 10.70 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ചെലവ് സംസ്ഥാന സർക്കാർ, ഗ്രാമപഞ്ചായത്ത്, പദ്ധതി ഗുണഭോക്താക്കൾ എന്നിവർ 75:15:10 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. പദ്ധതി ഇപ്പോൾ പൂർത്തീകരണഘട്ടത്തിലാണ്.

വാമനപുരം നിയോജകമണ്ഡലത്തിലെ പുതിയ ഇറിഗേഷൻ പ്രവൃത്തികൾ

187 (876) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നീ വകുപ്പുകൾ മുഖേന വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; ഇവയ്ക്ക് ഓരോന്നിനും ചെലവാക്കിയ തുക എത്രവീതമാണെന്ന് വിശദമാക്കുമോ ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ പരിഗണനയിലുള്ള പുതിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നീ വകുപ്പുകൾ മുഖേന വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ പരിഗണനയിലുള്ള പുതിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു.*

തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉമ്മൻചിറ അണക്കെട്ട് നിർമ്മാണം

188 (877) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉമ്മൻചിറ അണക്കെട്ട് നിർമ്മാണവും സൈഡ് ഭിത്തി നിർമ്മാണവും സംബന്ധിച്ച് നിവേദനം ലഭ്യമായിരുന്നോ; വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly